02/11/2026-ൽ 11.30 AM-ന് ബഹുമാനപ്പെട്ട മാനേജിങ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ റവന്യൂ അവലോകന യോഗത്തിന്റെ മിനിറ്റ്സ്

മാനേജിങ് ഡയറക്ടറുടെ അധ്യക്ഷതയിൽ രാവിലെ 11:30-ന് ഓൺലൈനായി യോഗം ആരംഭിച്ചു. 2026 ആഗസ്റ്റ് മാസത്തിലെ റവന്യൂ കളക്ഷനിൽ ഉണ്ടായ കുറവ് യോഗം ഗൗരവമായി ചർച്ച ചെയ്തു. നിലവിലെ റിപ്പോർട്ടുകൾ പ്രകാരം ആകെയുള്ള 31 റവന്യൂ ഡിവിഷനുകളിൽ 14 എണ്ണം മാത്രമാണ് സ്റ്റാൻഡേർഡ് കളക്ഷൻ ടാർഗെറ്റ് കൈവരിച്ചിട്ടുള്ളത്. അവധി ദിവസങ്ങളും ഉത്സവ സീസണുകളും റവന്യൂ സമാഹരണത്തെ സാരമായി ബാധിച്ചിട്ടുണ്ടെന്ന് യോഗം വിലയിരുത്തി.

ഫീൽഡ് തലത്തിൽ മീറ്റർ റീഡർമാരുടെയും മീറ്റർ ഇൻസ്പെക്ടർമാരുടെയും പ്രത്യേക യോഗങ്ങൾ വിളിച്ച് ചേർത്തും, കുടിശ്ശികക്കാരെ ഫോൺ മുഖേന നിരന്തരം ബന്ധപ്പെട്ടും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ശക്തമായ ഊന്നൽ നൽകണമെന്ന് മാനേജിങ് ഡയറക്ടർ നിർദ്ദേശിച്ചു. ഇതിനായി സെക്ഷൻ തലത്തിൽ മീറ്റർ റീഡർമാർ, റവന്യൂ വിഭാഗത്തിലെ സെക്ഷൻ ക്ലർക്കുമാർ, മീറ്റർ ഇൻസ്പെക്ടർമാർ, ഹെഡ് ക്ലർക്ക് എന്നിവരുടെ കൂട്ടായ പ്രവർത്തനവും മേൽനോട്ടവും ഉറപ്പാക്കേണ്ടതാണ്. ഇതിലേക്ക് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും റവന്യൂ ഓഫീസർമാരും നേരിട്ട് നേതൃത്വം നൽകണമെന്ന് മാനേജിങ് ഡയറക്ടർ നിർദ്ദേശിച്ചു.

പ്രധാന തീരുമാനങ്ങളും നടപടികളും

1. ദീർഘകാല കുടിശ്ശിക പിരിച്ചെടുക്കൽ:

കഴിഞ്ഞ 5 വർഷമായി വാട്ടർ ചാർജ് ഒടുക്കാത്ത 1.24 ലക്ഷത്തോളം ഉപഭോക്താക്കളിൽ നിന്നായി ലഭിക്കാനുള്ള 39 കോടി രൂപ ഈടാക്കുന്നതിന് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുക; ഇതിനായുള്ള ലിസ്റ്റ് എല്ലാ ഡിവിഷനുകൾക്കും ഉടൻ കൈമാറുന്നതാണ്.

(നടപടി: ആർ. എം. സി, എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, റവന്യൂ ഓഫീസർമാരും)

2. ഉപഭോക്തൃ വിവരങ്ങൾ പുതുക്കൽ :

വസ്തു കൈമാറ്റവും ഉടമസ്ഥന്റെ മരണവും മൂലം കൈമാറ്റം ചെയ്യപ്പെട്ട കണക്ഷനുകളിൽ വിവരങ്ങൾ യഥാസമയം പുതുക്കാത്തതുമൂലം ഉപയോഗത്തിലില്ലാത്ത കണക്ഷനുകൾക്ക് ബിൽ പോകുന്നത് ഒഴിവാക്കാൻ ജാഗ്രത പുലർത്തുക.

(നടപടി: എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, റവന്യൂ ഓഫീസർമാരും)

3. ഇ-അബാക്കസ് ലെഡ്ജർ അൺമാർക്കിംഗ്:

റവന്യൂ റിക്കവറി നടപടികൾ പൂർത്തിയാക്കി പണം അടച്ച കേസുകൾ ഇ-അബാക്കസ് (e-Abacus) ലെഡ്ജറിൽ അൺമാർക്ക് ചെയ്യുക.

(നടപടി: എല്ലാ റവന്യൂ ഓഫീസർമാരും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനിയർമാരും)

4. കണക്ഷൻ വിച്ഛേദിക്കലും പുനഃസ്ഥാപിക്കലും:

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയൊഴികെ മറ്റുള്ളവരുടെ കുടിശ്ശികയുള്ള കണക്ഷനുകൾ നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിച്ച്, ആവശ്യമുള്ളപക്ഷം വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്. ഏതെങ്കിലും തരത്തിൽ കണക്ഷൻ വിച്ഛേദനം നടന്നിട്ടുള്ള കണക്ഷനുകളുടെ കുടിശ്ശികയുടെ കുറഞ്ഞത് 50% എങ്കിലും അടച്ചാൽ മാത്രമേ കണക്ഷൻ പുനഃസ്ഥാപിക്കാവൂ.

(നടപടി: എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, റവന്യൂ ഓഫീസർമാരും)

5. ജീവനക്കാരുടെ പങ്കാളിത്തവും അച്ചടക്ക നടപടിയും:

വാട്ടർ അതോറിറ്റി സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുമ്പോൾ എല്ലാ വിഭാഗം ജീവനക്കാരുടെയും കൂട്ടായ സഹകരണത്തോടെ മാത്രമേ ഇത് തരണം ചെയ്യാൻ കഴിയൂ എന്ന് മാനേജിങ് ഡയറക്ടർ അഭിപ്രായപ്പെട്ടു. അതോടൊപ്പം, കുടിശ്ശികയുള്ള കണക്ഷനുകൾ വിച്ഛേദിക്കുന്നതിൽ ഫിറ്റർ, പ്ലംബർ തസ്തികയിലുള്ളവർ വിട്ടുനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ, ഇത്തരം കൃത്യവിലോപം കാണിക്കുന്ന ജീവനക്കാർക്കെതിരെ ഡിവിഷൻ തലത്തിൽ കർശനമായ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

(നടപടി: എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും)

6. അൺ ഐഡന്റിഫൈഡ് കണക്ഷനുകളിലെ കുടിശ്ശിക:

പി. എച്ച്. ഡിവിഷൻ, തിരുവനന്തപുരം നോർത്ത് ഉൾപ്പെടെയുള്ള ഡിവിഷനുകളിൽ നിലനിൽക്കുന്ന അൺ ഐഡന്റിഫൈഡ് കണക്ഷനുകളിലെ കുടിശ്ശിക മുൻ സർക്കുലറിലെ മാനദണ്ഡങ്ങൾ പ്രകാരം ഒഴിവാക്കുവാനുള്ള നടപടികൾ കൈക്കൊള്ളാം. എന്നാൽ, റവന്യൂ റിക്കവറിക്ക് കൈമാറിയ കേസുകളിൽ റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് മാത്രം അന്തിമ തീരുമാനമെടുക്കുവാൻ പാടുള്ളൂ.

(നടപടി: എല്ലാ റവന്യൂ ഓഫീസർമാരും)

7. റവന്യൂ കളക്ഷൻ ടാർഗറ്റ്:

ടാർഗറ്റ് - കളക്ഷൻ അച്ചീവ്മെന്റ് ലിസ്റ്റ് തയ്യാറാക്കുമ്പോൾ, ഓരോ ഡിവിഷന്റെയും ജലനിധി ടാർഗറ്റ് പ്രത്യേകം രേഖപ്പെടുത്തുക.

(നടപടി: ആർ. എം. സി - RMC)

8. റവന്യൂ റിക്കവറി അദാലത്ത്:

റവന്യൂ ഡിപ്പാർട്മെൻറ് / തഹസിൽദാർ എന്നിവരുമായി സഹകരിച്ച് പരമാവധി അദാലത്തുകൾ സംഘടിപ്പിച്ച് വാട്ടർ ചാർജ് കുടിശിക നിവാരണ യജ്ഞം നടത്തുക.

(നടപടി: എല്ലാ റവന്യൂ ഓഫീസർമാരും)

9. ഓൺലൈൻ KYC അപ്ഡേഷൻ:

മേൽവിലാസത്തിലെ അപൂർണ്ണത കാരണം തുടർനടപടികൾ തടസ്സപ്പെടുന്നത് ഒഴിവാക്കാൻ, ഓൺലൈൻ സോഫ്റ്റ്വെയർ അടിസ്ഥാനമാക്കി ഉപഭോക്താക്കളുടെ KYC പൂർണ്ണമായി അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

(നടപടി: ഡി.ബി.എ - DBA / IT Wing)

ഉച്ചയ്ക്ക് 01:30 PM-ന് യോഗം അവസാനിച്ചു.

പ്രേം കൃഷ്ണൻ എസ്, IAS

മാനേജിങ് ഡയറക്ടർ

പകർപ്പ്:

1. PA to മാനേജിങ് ഡയറക്ടർ
2. CA ട്ടോ ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ
3. എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും/ റവന്യൂ ഓഫീസർമാർക്കും
4. എല്ലാ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും
5. DBA / ഐ.ടി സെൽ (കെ.വൈ.സി അപ്ഡേഷനായി)
6. ഫയൽ കോപ്പി / ഓഫീസ് കോപ്പി

അംഗീകാരത്തോടെ

രഞ്ജീവ് എസ്.

അക്കൗണ്ട്സ് ഓഫീസർ, ആർ. എം. സി.

Digitally signed by RANJEEV S
Date: 16-11-2026 11:55:49